## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2754 — 06.11.2019-ൽ മറുപടിയ്ക്ക്.

# ആർ.സി.ഇ.പി. കരാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ആർ.സി.ഇ.പി. കരാർ സംസ്ഥാനത്തെ ക്ഷീരമേഖലയെ പ്രതികൂലമായി ബാധിക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ; | (എ) ആർ.സി.ഇ.പി. കരാർ ക്ഷീരമേഖലയെ പ്രതികൂലമായി ബാധിക്കും. |
| (ബി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ആശങ്ക കേന്ദ്രസർക്കാരിനെ ബോധ്യപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ? | (ബി) Regional Comprehensive Economic Partner ship (RCEP) കരാർ രൂപീകരണത്തിന്റെ പ്രാരംഭഘട്ടത്തിൽ തന്നെ, അതായത് 2017 മെയ് മാസം, ഈ കരാർ മൂലം ഉണ്ടാകാനിടയുള്ള ഭവിഷ്യത്തുകളെക്കുറിച്ച് ബഹു.പ്രധാനമന്ത്രിക്കും, ബഹു.കേന്ദ്രകൃഷി മന്ത്രിക്കും, സ്വാതന്ത്ര ചുമതലയുണ്ടായിരുന്ന ബഹു.കേന്ദ്ര വാണിജ്യ വകുപ്പ് സഹമന്ത്രിക്കും വിശദമായ കത്ത് നൽകിയിരുന്നു. 2017 ജൂലൈയിൽ നടക്കാൻ പോകുന്ന ചർച്ചകൾക്ക് മുന്നോടിയായി സംസ്ഥാന സർക്കാരുകളുമായി ഈ വിഷയത്തിൽ വിശദമായ ചർച്ചകൾ നടത്തണമെന്ന് കത്തിലൂടെ ആവശ്യപ്പെട്ടിരുന്നു. ഈ കരാർ നിലവിൽ വന്നാൽ കേരളത്തിലെ ക്ഷീരരംഗം ഉൾപ്പെടെ ഇന്ത്യയിലെ ക്ഷീരരംഗം നേരിട്ടേക്കാവുന്ന വെല്ലുവിളികൾ സംബന്ധിച്ച് ഈ കത്തിൽ സവിസ്തരം പരാമർശിച്ചിരുന്നു.<br>RCEP കരാർ നടപ്പിലാക്കുന്നത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടയുടൻ 2019 ഫെബ്രുവരിയിൽ തന്നെ ഇതിന്റെ പ്രത്യാഘാതങ്ങളെ ക്കുറിച്ച് ക്ഷീരകർഷകരെ ബോദ്ധ്യപ്പെടുത്തുന്നതിനായി ആലപ്പുഴയിൽ വച്ച് ഈ മേഖലയിലെ വിദഗ്ദരെ പങ്കെടുപ്പിച്ച് ഓപ്പൺ ഫോറം ശിൽപ്പശാല നടത്തുകയും വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. |

ആർ.സി.ഇ.പി. കരാർ ക്ഷീരമേഖലയിലുണ്ടാക്കി-യേക്കാവുന്ന ദോഷഫലങ്ങൾ സംബന്ധിച്ച് ബഹു.പ്രധാനമന്ത്രി, ബഹു.കേന്ദ്രവാണിജ്യമന്ത്രി, ബഹു.കേന്ദ്ര മൃഗസംരക്ഷണ വകുപ്പ് മന്ത്രി എന്നിവർക്ക് വിശദമായ കത്ത് 2019 ഒക്ടോബറിൽ വീണ്ടും അയച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ഉൽകണ്ഠ ഇതിലൂടെ വ്യക്തമാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**